ഉത്തരം

(എ) തിരുവനന്തപുരത്ത് മുട്ടത്തറയിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) ആഭിമുഖ്യത്തിൽ പുതിയ എഞ്ചിനീയറിംഗ് കോളേജിന്റെ കെട്ടിടനിർമ്മാണം പുരോഗമിച്ചുവരുന്നു. മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) കേരള സാങ്കേതിക സർവ്വകലാശാല 2016-17 അദ്ധ്യയന വർഷത്തിലേക്ക് പുതിയ കോളേജുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് അംഗീകാരത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതാണ്.

മുട്ടത്തറയിലെ കേപ്പ് എഞ്ചിനീയറിംഗ് കോളേജ്

180 (547) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം മുട്ടത്തറയിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) എഞ്ചിനീയറിംഗ് കോളേജിന് എന്നാണ് മുഖ്യമന്ത്രി തറക്കല്ലിട്ടതെന്നും പ്രസ്തുത കോളേജിൽ എന്നു മുതൽ ക്ലാസ്സുകൾ ആരംഭിക്കുമെന്നാണ് പ്രസ്തുത ചടങ്ങിൽ പ്രഖ്യാപിച്ചതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

എഞ്ചിനീയറിംഗ് കോളേജിന് 4-12-2013-ലാണ് തറക്കല്ലിട്ടത്. ക്ലാസ്സുകൾ എന്നാരംഭിക്കുമെന്ന് പ്രഖ്യാപിച്ചതായി അറിയില്ല.

പൊതുവിപണിയിലെ വിലക്കയറ്റം

181 (548) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; പ്രസ്തുത നടപടികളിലൂടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ടോ ;

(ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിന് കഴിയാതെപോയ സാഹചര്യം വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുവിപണിയിൽ വിലക്കയറ്റത്തിന് ഏറെ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ പൊതുവിപണിയിൽനിന്നും 20 ശതമാനം വരെ വിലകുറച്ച് സാധനങ്ങൾ വിപണനം ചെയ്യുന്നതിന് സഹകരണ വകുപ്പിനുകീഴിൽ കൺസ്യൂമർഫെഡ് വിപണികൾ സംഘടിപ്പിച്ചുവരുന്നു. 2015-ലെ ഓണക്കാലത്തോടനുബന്ധിച്ചും പൊതുവിപണിയിൽനിന്നും 20 ശതമാനം വിലകുറച്ച് സാധനങ്ങൾ ഓണ വിപണിയിലൂടെ വിതരണം ചെയ്തിരുന്നു. ഈ നടപടികളിലൂടെ പൊതു വിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ട്.

(ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിന് കഴിയുന്നുണ്ട്.

കാർഷിക വായ്പാവിതരണം

182 (549) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ; പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ വഴി വിതരണം ചെയ്ത കാർഷിക വായ്പകളുടെ 2010-11 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ കണക്ക് വ്യക്തമാക്കുമോ ; ഇത് മേൽ വിഭാഗം സഹകരണ സംഘങ്ങൾ ഓരോ വർഷത്തിലും വിതരണം ചെയ്ത ആകെ വായ്പകളുടെ എത്ര ശതമാനമാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക വായ്പാ വിതരണം മെച്ചപ്പെടുത്താൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ മേഖലയിൽനിന്നും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ വഴി വിതരണം ചെയ്ത കാർഷിക വായ്പയുടെ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.